ലൈസൻസ് നിയമങ്ങൾ ശരിയായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിനും എല്ലാ പോലീസ് ജില്ലകളിലും പ്രത്യേക അബ്കാരി മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ചിട്ട് പ്രവർത്തിച്ചുവരുന്നു.

(ബി,സി) വ്യാജമദ്യം ഉണ്ടാക്കുകയോ വിതരണം നടത്തുകയോ കടത്തുകയോ ചെയ്യാനിടയുള്ള സ്ഥലങ്ങളിലും പരിസരങ്ങളിലും പോലീസ് നിരന്തരമായ റെയ്ഡുകൾ നടത്തി കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അബ്കാരി ലൈസൻസ് നിയമങ്ങൾ ശരിയായ രീതിയിൽ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തിയും ഇത്തരം നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവയ്ക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുകൊണ്ടും ഫലപ്രദമായ രീതിയിൽ പോലീസ് പ്രവർത്തിച്ചു വരുന്നു. റെയ്ഡുകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തപ്പെടുന്ന കുറ്റകൃത്യങ്ങൾക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി,എഫ്) ഇത്തരത്തിലുള്ള ഗുണ്ടാസംഘങ്ങളുടെ അക്രമ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിടത്തെല്ലാം കർശനമായ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം സംഘങ്ങൾക്കെതിരെ ജാഗ്രതപുലർത്താനും പരാതി ലഭിക്കുന്നതിനനുസരിച്ച് അടിയന്തിരനടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

12 (*11) ഗ്രാമീണ ഹൃദ്രോഗപ്രതിരോധ കേന്ദ്രങ്ങൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ.സി.പി.ബാലൻ വൈദ്യർ :
ശ്രീ. കെ.പി.സതീശ് ചന്ദ്രൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ടി.കെ.ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഹൃദ്രോഗ നിവാരണ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഗ്രാമീണ ഹൃദ്രോഗ പ്രതിരോധ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഗ്രാമീണ ഹൃദ്രോഗ പ്രതിരോധ കേന്ദ്രങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഇവ ആരംഭിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇത്തരം കേന്ദ്രങ്ങൾ ആരംഭിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കേന്ദ്രങ്ങളിൽ ഏതെല്ലാം ചികിത്സാ സൗകര്യങ്ങൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) :

(എ-സി) ഗ്രാമീണ ഹൃദ്രോഗ പ്രതിരോധ കേന്ദ്രങ്ങൾ നിലവിലില്ല. എന്നാൽ ലോകാരോഗ്യ സംഘടനയുടെ സഹായത്തോടു കൂടി ദേശീയ ഹൃദ്രോഗ നിവാരണ പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly

കഴക്കൂട്ടം ബ്ലോക്കിലുള്ള പുത്തൻതോപ്പ്, മംഗലപുരം തോന്നയ്ക്കൽ, അണ്ടൂർകോണം, എന്നീ നാലു പഞ്ചായത്തുകൾ തെരഞ്ഞെടുത്തു സർവ്വേ നടത്തി പ്രാഥമിക റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഒരു സീനിയർ കാർഡിയോളജിസ്റ്റിന്റെ പൂർണ്ണമായ മേൽനോട്ടത്തിലും നിർവ്വഹണത്തിലുമാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഗ്രാമീണതലത്തിലുള്ള പൊതുജനങ്ങളിൽ വരാൻ ഇടയുള്ള ഹൃദ്രോഗ സാദ്ധ്യത മുൻകൂട്ടി മനസ്സിലാക്കി ആവശ്യമായ ചികിത്സയ്ക്കു വേണ്ടി വിദഗ്ദ്ധ കേന്ദ്രങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ഇതിന്റെ മുഖ്യ ലക്ഷ്യം. ഇതിനുവേണ്ടി ഏകദേശം 7 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല.

(ഇ) ബാധകമല്ല.

13 (*12) പോളിയോ നിർമ്മാർജ്ജന പരിപാടി കുറ്റമറ്റതാക്കാൻ നടപടി

ശ്രീ. എളമരം കരീം :
ശ്രീ. എൻ.കണ്ണൻ :
ശ്രീ. എൻ.ആർ.ബാലൻ :
ശ്രീ. എം.നാരായണൻ (കുഴൽമന്ദം) :
ശ്രീമതി കെ.കെ.ശൈലജ ടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വീണ്ടും പോളിയോ വൈറസ് കണ്ടെത്തിയതായി ഉള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് ഏത് പ്രദേശത്താണ് പോളിയോ വൈറസ് കണ്ടെത്തിയതെന്ന് വെളിപ്പെടുത്താമോ;

(ഡി) സമീപപ്രദേശങ്ങളിലേക്ക് പോളിയോ രോഗം പടരാതിരിക്കാൻ സർക്കാർ എന്തെങ്കിലും മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(ഇ) സംസ്ഥാനത്ത് പോളിയോ വൈറസ് പ്രത്യക്ഷപ്പെടാൻ ഉണ്ടായ കാരണങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠനത്തിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ;

(എഫ്) സംസ്ഥാനത്ത് തുടർന്ന് നടത്താനിരിക്കുന്ന പോളിയോ നിർമ്മാർജ്ജന പരിപാടി കുറ്റമറ്റതാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) :

(എ,ബി,സി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിലെ ചതുമ്മൽ എന്ന സ്ഥലത്ത് പോളിയോ വൈറസ് കണ്ടെത്തിയതായി സ്ഥിതീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്വേഷണം നടത്തുകയും കുട്ടിക്ക് ക്രമമായി കിട്ടേണ്ടിയിരുന്ന പ്രതിരോധവാക്സിനുകൾ യഥാസമയം കിട്ടിയിരുന്നില്ലെന്ന് കണ്ടെത്തു

LIBRARY ARCHIVES Kerala Legislative Assembly